## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2009 04.11.2019-ൽ മറുപടിക്ക്

**സമൂഹമാധ്യമങ്ങളിലൂടെ കുട്ടികളുടെ അശ്ലീലചിത്രങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇന്റർനെറ്റിലൂടെയും മറ്റ് സമൂഹമാധ്യമങ്ങളിലൂടെയും കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിക്കുന്നതും ആയത് കാണുന്നവരുടെ എണ്ണം കൂടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്താനും പ്രസ്തുത പ്രവണത ഇല്ലാതാക്കാനുമായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) Operation P-Hunt എന്ന പേരിൽ ഇന്റർനെറ്റിലൂടെ ചൈൽഡ് പോണോഗ്രാഫി തടയുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരെ കണ്ടെത്താനും പ്രസ്തുത പ്രവണത ഇല്ലാതാക്കാനുമായി ജില്ലാടിസ്ഥാനത്തിലുള്ള സൈബർ സെല്ലിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. പ്രസ്തുത സെൽ സോഷ്യൽ മീഡിയ മുഖാന്തിരമുള്ള കുറ്റകൃത്യങ്ങൾ നിരന്തരം നിരീക്ഷിക്കുകയും, കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്യുന്നതിനെതിരെ സമൂഹത്തെ ബോധവൽകരിക്കുന്നതിന് സൈബർ സെല്ലിന്റെ ആഭിമുഖ്യത്തിൽ സന്നദ്ധ സംഘടനകൾ, സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ മുതലായവയുമായി സഹകരിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചും വരുന്നു. |
| (സി) ആയതിന്റെ ഭാഗമായ 'ഓപ്പറേഷൻ പി ഹണ്ട് ' -ന്റെ പ്രവർത്തന പുരോഗതിയും ആയത് പ്രകാരം എത്ര പേർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) കേരള പോലീസ് 3 ഘട്ടങ്ങളിലായി നടത്തിയ Operation P-Hunt ന്റെ ഭാഗമായി ആകെ 32 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, 26 പേർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ടെലിഗ്രാം എന്നീ മാധ്യമങ്ങളിലൂടെയും ഇത്തരം ചിത്രങ്ങൾ പ്രചരിക്കുന്നതായി കരുതുന്നുണ്ടോ; | (ഡി) & (ഇ) | കരുതുന്നുണ്ട്. കേരള പോലീസ് 3 ഘട്ടങ്ങളിലായി നടത്തിയ Operation P-Hunt ന്റെ ഭാഗമായി ആകെ 32 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, 26 പേർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർ ഡോം, ജില്ലാതല സൈബർ സെല്ലുകൾ എന്നിവ മുഖേന നിരീക്ഷണം നടത്തി വരുന്നു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children(CCPWC). ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇത് തടയുവാനായി എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ